യ്ക്കാൻ ശുപാർശ നൽകിയിരുന്നു. ആകെ ലഭിക്കുന്ന ആദായ നികുതിയുടെ 77.5% ഉം എക്സൈസ് തീരുവയുടെ 40% ഉം അധിക എക്സൈസ് തീരുവയുടെ 97.8% ഉം സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കേണ്ടതാണ്. ഇതിനു പുറമേ സംസ്ഥാനങ്ങൾക്കിടയിൽ നികുതി പങ്കുവയ്ക്കുന്നതിനായി ഒരു ബദൽ നികുതി ഫോർമുലയും (ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ സ്കീം) 10-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ആകെ കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 26% സംസ്ഥാനങ്ങൾക്ക് നൽകണം. കൂടാതെ ടാക്സ് റെന്റൽ സംവിധാനം നിർത്തലാക്കുകയും അധിക എക്സൈസ് തീരുവ അടിസ്ഥാന എക്സൈസ് തീരുവയിൽ ലയിപ്പിക്കുകയും വേണം. ഇപ്രകാരം ചെയ്ത ശേഷം കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 3% കൂടി സംസ്ഥാനങ്ങൾക്ക് നൽകണം. അങ്ങനെ ആകെ 29% നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകാനാണ് 10-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

സംസ്ഥാനങ്ങൾക്ക് നൽകുന്ന കേന്ദ്ര വിഹിതം

2 (1825) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതിയിൽനിന്ന് സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതം കുറയ്ക്കുവാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് നൽകുവാൻ സ്വീകരിച്ചിരുന്ന തത്വങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഇപ്പോൾ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം കുറയ്ക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന തത്വങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇപ്പോൾ കുറക്കാനുദ്ദേശിക്കുന്ന രീതിയിൽ സംസ്ഥാനത്തിനു ലഭിക്കുന്ന നികുതി വിഹിതം എത്രയായിരിക്കുമെന്ന് പറയുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) പത്താം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ട കേന്ദ്ര നികുതികളായ ആദായ നികുതി, എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ എന്നിവ ഇനി പറയുന്ന രീതിയിൽ പങ്കുവച്ചുകൊണ്ടിരിക്കയാണ്. ആകെ ലഭിക്കുന്ന ആദായ നികുതിയുടെ 77.5% എക്സൈസ് തീരുവയുടെ 40% അധിക എക്സൈസ് തീരുവ

LIBRARY ARCHIVES Kerala Legislative Assembly

യുടെ 97.8% ഇതിനുപുറമെ സംസ്ഥാനങ്ങൾക്കിടയിൽ നികുതി പങ്കുവയ്ക്കുന്നതിനായി ഒരു ബദൽ നികുതി ഫോർമുലയും (ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ സ്കീം) പത്താം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ആകെ കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 26% സംസ്ഥാനങ്ങൾക്ക് നൽകണം. കൂടാതെ ടാക്സ് റെന്റൽ സംവിധാനം നിർത്തലാക്കുകയും അധിക എക്സൈസ് തീരുവ അടിസ്ഥാന എക്സൈസ് തീരുവയിൽ ലയിപ്പിക്കുകയും വേണം. ഇപ്രകാരം ചെയ്ത ശേഷം കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 3% കൂടി സംസ്ഥാനങ്ങൾക്ക് നൽകണം. അങ്ങനെ ആകെ 29% നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വീതിക്കണം. ഈ ശുപാർശ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച് സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

ഏഷ്യൻ വികസന ബാങ്ക് വായ്പ

3 (1826) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിൽനിന്നും എത്ര കോടി രൂപയുടെ വായ്പയാണ് സംസ്ഥാനം എടുക്കുന്നത്;

(ബി) ഗ്രാന്റും തിരിച്ചടയ്ക്കേണ്ട തുകയും എത്ര വീതമാണ്;

(സി) തിരിച്ചടയ്ക്കേണ്ട തുകയുടെ പലിശ എത്രയാണ്;

(ഡി) ഇത് എത്ര കാലംകൊണ്ട് തിരിച്ചടയ്ക്കണം;

(ഇ) ഏതെല്ലാം പദ്ധതികൾക്കായിട്ടാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) വായ്പ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) ഏഷ്യൻ വികസന ബാങ്കുമായി ഇക്കാര്യത്തിൽ മൂന്നു വട്ടം ചർച്ച നടത്തി അന്തിമഘട്ട ചർച്ചകൾക്കുശേഷം മാത്രമേ ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങളിൽ തീരുമാനമാകുകയുള്ളൂ.

പ്ലാൻ-നോൺപ്ലാൻ ചെലവുകൾക്ക് നീക്കിവച്ച തുക

4 (1827) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ചെലവുകൾക്കും നോൺപ്ലാൻ ചെലവുകൾക്കുമായി നീക്കിവച്ച തുക എത്രവീതമായിരുന്നു;

(ബി) ഇതിൽ 2000 ജനുവരി 31 വരെ ഈ ഓരോ ഇനത്തിൽനിന്നും എന്തു തുക വീതം ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly